# കേരള ഫോക്‌ലോർ

## ദേശം • കാലം • സമൂഹം
## രീതിശാസ്ത്രപരിണതികൾ



സമ്പാദനം - പഠനം

**ഡോ. ജയചന്ദ്രൻ കീഴോത്ത്**

## ഉള്ളടക്കം

ഭാഗം ഒന്ന്


1. പൂരം : ഉർവരതയുടെ പെൺപെരുമ 3
2. ചരിത്രം, പുരാവൃത്തം, ആഖ്യാനം: തോലൻമൂപ്പനും മയ്യഴിയുടെ ദേശസ്വത്വവും 15
3. ഉച്ചാടനത്തിന്റെ രാഷ്ട്രീയമാനങ്ങൾ 22
4. ഫോക്-ലിംഗ്വിസ്റ്റിക്സ് : സമീപനങ്ങളും സാധ്യതകളും 28
5. വികസനവിനിമയവും ഫോക്മാധ്യമങ്ങളും 38
6. നിലീനമായ ഇടങ്ങൾ - സമകാലകവിതയിലെ കൂട്ടങ്ങളുടെ ലോകം 44
7. അനുഭവത്തിന്റെ അതിഭൗതികത : ഖസാക്കിന്റെ ഇതിഹാസത്തെ മുൻനിർത്തിയുള്ള അന്വേഷണം 57
8. നാടോടിസംസ്കൃതിയുടെസാന്നിധ്യം: ലോകനാടകവേദിയിൽ 64
9. നാടോടിത്തമുദ്രകൾ പതിഞ്ഞ കുഞ്ചൻനമ്പ്യാർ കൃതികൾ 72
10. പെണ്മയുടെ വിലക്കുകൾ നാടോടിസംസ്കൃതിയിൽ; സാമൂഹിക-മനശ്ശാസ്ത്രാധിഷ്ഠിത വിശകലനം 87
11. പെൺതെയ്യങ്ങളുടെ സാന്നിധ്യം : അംബികാസുതൻ മാങ്ങാടിന്റെ കഥകളിൽ 92
12. നാഗക്കളംപാട്ടിലെയും ആരാധനയിലെയും സ്ത്രൈണവ്യവഹാരങ്ങൾ 99
13. നാടോടി സാഹിത്യത്തിലെ ലിംഗപദവി 107
14. സിനിമയിലെ തെയ്യം: പാഠവും പൊരുളും 120
15. ഫോക് ചലച്ചിത്രങ്ങളിലെ സ്ത്രൈണാവിഷ്കാരം 129
16. ഫോക് സ്വാധീനം മലയാള സിനിമയിൽ 135
17. ഫോക് പ്രതിനിധാനം മലയാള നാടകഗാനങ്ങളിൽ 142

18. ഫോക്‌ലോറിന്റെ സ്ഥലകാലവിച്ഛേദം മാധ്യമങ്ങളിൽ 147

19. ലിംഗവൈവിധ്യവും വിമതലിംഗബോധ്യവും കൊടുങ്ങല്ലൂർ ഭരണിയിൽ 153

20. പുതുമലയാളകവിതയിലെ പാരമ്പര്യധാരകൾ 164

21. പുതുകവിതയിലെ നാട്ടുമൊഴികൾ 172

22. സൈബർസ്പെയ്സിലെ ഫോക്‌ലോർ വിനിമയങ്ങൾ 179

ഭാഗം രണ്ട്

23 മലയാളത്തിലെ പഴഞ്ചൊല്ലുകൾ: ഒരു ഭാഷാശാസ്ത്ര വിശകലനം 189

24. മലയരയരുടെ ഗോത്രദൈവം : ശബരിമല അയ്യപ്പനെക്കുറിച്ചുള്ള സാംസ്കാരികവായന 199

25. മലയസമുദായത്തിലെ മാന്ത്രികവിജ്ഞാനം: പാരമ്പര്യവും പ്രയോഗവും 204

26. അയ്യപ്പൻതീയാട്ട്: അനുഷ്ഠാനവും സമൂഹവും 210

27. മലബാറിൽ മറുത്തുകളിയുടെ സ്വാധീനം 214

28. മുഖചമയങ്ങളും വിശ്വാസങ്ങളും: നാട്ടറിവിന്റെ ശാസ്ത്രീയവിശകലനം 220

29. മലവായിയാട്ടം 224

30. പടയണി : ജനതതിയുടെ അനുഷ്ഠാനം 230

31. പറയിപെറ്റപന്തിരുകുലം : ഐതിഹ്യവും തൃത്താല ദേശരൂപീകരണവും 234

32. പുരാവൃത്തങ്ങളുടെ പൊതുസ്വഭാവം 248

33 പുത്തരിക്കോള് : വയനാടൻ പുലയരുടെ പുത്തരി അനുഷ്ഠാനം 255

34. തിരുമാന്ധാംകുന്ന് പൂരം : ചരിത്രവും സംസ്കാരവും ഒരു അപഗ്രഥനാത്മക പഠനം 263

35. വടക്കേ മലബാറിലെ കളിയാട്ടമഹോത്സവങ്ങൾ : പുനർവായന 274

36. ആണ്ടിയാർ പടുക്ക : അനുഷ്ഠാനവും സ്വത്വരൂപീകരണവും 281

37 ഫോക് അനുഷ്ഠാനങ്ങളിലെ പ്രകൃതിബോധം 285

38. ബാലിത്തെയ്യം : ഇതിഹാസകഥാപാത്രത്തിന്റെ അനുഷ്ഠാനരൂപം 294

37

# ഫോക് അനുഷ്ഠാനങ്ങളിലെ പ്രകൃതിബോധം

സ്വപ്ന ആന്റണി

വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും ചേർന്നുണ്ടാകുന്ന പാരമ്പര്യത്തിന്റെ ബലിഷ്ഠമായ അടിത്തറയിലാണ് ഒരു സമൂഹത്തിന്റെ നിലനിൽപ്പ്. പ്രകൃതിയോടിണങ്ങി ജീവിച്ച ഒരു ജനതയുടെ സാമൂഹികബോധവും പ്രപഞ്ചബോധവും ഈശ്വരസങ്കൽപ്പവുമാണ് മിക്ക അനുഷ്ഠാനങ്ങളുടെയും കാതൽ. പഞ്ചഭൂതങ്ങളിലും പ്രകൃതി വന്യജീവികളിലും ദൈവികസാന്നിധ്യം കണ്ടെത്തി ആരാധിച്ചിരുന്ന പൂർവികപാരമ്പര്യത്തിന്റെ തുടർച്ചയെന്നോണം നമ്മുടെ ആചാരാനുഷ്ഠാനങ്ങൾ സർവജീവജാലങ്ങളേയും സമഭാവനയോടെ നോക്കിക്കാണുന്നു. പശുവിനെയും പാമ്പിനെയും ആനയെയും എലിയെയുമൊക്കെ ഈശ്വരചൈതന്യമായി കാണാൻകഴിയുന്ന പ്രകൃതിബോധം നമുക്കുണ്ട്. മനുഷ്യർക്കു മാത്രമല്ല, എല്ലാ ജീവജാലങ്ങൾക്കും ആത്മാവുണ്ടെന്ന വിശ്വാസമാണ് ഈ ബോധത്തിനടിസ്ഥാനം.

കാർഷികസമൂഹത്തിലെ ആചാരാനുഷ്ഠാനങ്ങൾ മിക്കവയും സ്ത്രീകേന്ദ്രിതമായിരുന്നു. ഭക്ഷ്യോൽപ്പാദനവും സന്താനോൽപ്പാദനവും ആണ് മനുഷ്യജീവിതത്തിന്റെ നിലനിൽപ്പിന് അടിസ്ഥാനം. സ്ത്രീയെ വിളഭൂമിയായും ജീവദായകശക്തിയായും കരുതിക്കൊണ്ടുള്ള പൂജകൾ പ്രാചീനകാലം മുതൽക്കേ പ്രചരിച്ചിരുന്നു. ക്ഷേത്രം എന്ന പദത്തിന് കൃഷിസ്ഥലമെന്നും പത്നിയുടെ ശരീരമെന്നും അർഥമുണ്ട് എന്ന് സംസ്കൃതകൃതിയായ അമരകോശത്തിൽ കാണുന്നു. ആദിമാതാവായും കൃഷിദേവതയായും സ്ത്രീ ആരാധിക്കപ്പെട്ടു തുടങ്ങിയതോടെ അമ്മദൈവാരാധനയും കാർഷികാനുഷ്ഠാനങ്ങളും പരസ്പരപൂരകമായിത്തീർന്നു. ഗോത്രജനത കാർഷികജനതയായി പരിണമിച്ചപ്പോൾ അവരുടെ ആചാരാനുഷ്ഠാനങ്ങളും കാലികമായി പരിഷ്കരിക്കപ്പെട്ടു.